# റൂളിംഗ്

മി. സ്പീക്കർ: ബഹുമാന്യരായ അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. റിപ്പോർട്ട് വയ്ക്കേണ്ട അംഗങ്ങൾ ആ സമയത്ത് നിർബന്ധമായും സഭയിൽ ഉണ്ടായിരിക്കണം. എന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ ആ റിപ്പോർട്ട് വയ്ക്കാൻ മറ്റ് ആരെയെങ്കിലും ചുമതലപ്പെടുത്തേണ്ടതുമാണ്.

ഇപ്പോൾ റിപ്പോർട്ട് വച്ചത് ഈ കമ്മിറ്റിയിലെ തന്നെ അംഗമായ ശ്രീ. അൻവർ സാദത്താണ്. അതുകൊണ്ട് സമർപ്പിച്ച റിപ്പോർട്ട് ശരിയാണ്.

7. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്നുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വർക്കല കഹാർ : സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്നു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

12.00 AM]

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ശ്രീ. കെ. എം. മാണിയുടെ ഒരുകോടി രൂപയുടെ അഴിമതിയെക്കുറിച്ച് ഞാൻ ഇന്നലെത്തന്നെ സൂചിപ്പിച്ചതാണ്. കൊച്ചുകുട്ടികൾപോലും വിശ്വസിക്കുന്നത് ശ്രീ. കെ. എം. മാണി ഒരുകോടി രൂപയുടെ അഴിമതി നടത്തിയെന്നാണ്...(ബഹളം)......വിജിലൻസിനെ ഉപയോഗിച്ച്......

മി.സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്....ബിൽ അവതരിപ്പിച്ചതിനു ശേഷം പോരേ?

ശ്രീ. മാത്യു ടി. തോമസ് : അങ്ങ് ഒരിക്കൽ അനുവദിച്ചതല്ലേ ....(ബഹളം)....

ശ്രീ. വി. എസ്. അച്യുതാനന്ദൻ : അങ്ങ് അനുവദിച്ചതാണല്ലോ; നിങ്ങളുടെ വിജിലൻസിനെ ഉപയോഗിച്ച് ശ്രീ. കെ. എം. മാണിയെ വിശുദ്ധനാക്കി. അതുപോലെതന്നെ നാറിയ കളികൾ ഇവിടെ വേണ്ട, ഡൽഹിയിൽ പോലും ഇത് പാട്ടാണ്. അതുകൊണ്ടാണും .......

LIBRARY ARCHIVES Kerala Legislative Assembly